


വിസ്മയപ്പട്ടം
KITE
THS MANJERI
DIGITAL MAGAZINE 2018-19

# വിസ്മയപ്പട്ടം



## GOVT.TECHNICAL HIGH SCHOOL

P.o Karuvambram (West) Manjeri
Email:thsmji@gmil.com

# ആമുഖം

വിജ്ഞാനത്തിന്റെ പാതയിലൂടെ മുന്നേറുന്ന പുതുകിരണങ്ങളാകും ലിറ്റ്ൽ കൈറ്റ്സ് അംഗങ്ങളും അധ്യാപകരും അണിചേർന്ന്, കാലത്തിന്റെ മാറ്റങ്ങൾ ഉൾകൊണ്ട് കയ്യെഴുത്തു മാസികയിൽ നിന്ന് ശാസ്ത്ര മുന്നേറ്റത്തിന്റെ വെളിച്ചം വിതറുന്ന ഡിജിറ്റൽ മാഗസിനിലേക്ക് ചുവടുവെയ്ക്കുന്നു. ഒപ്പം അവരുടെ നന്മയുടേയും സത്യത്തിന്റേയും മാനവിക മൂല്യങ്ങൾ ഉൽക്കൊള്ളുന്ന രചനകളിലൂടെ അവർ നിങ്ങൾക്കു മുന്നിൽ പ്രത്യക്ഷപ്പെടുന്നു. അവരുടെ രചനകളിലൂടെ നാം കണ്ണോടിക്കുമ്പോൾ ഒരു നവാനുഭൂതിയുടെ വസന്തം തന്നെ നമ്മിൽ സൃഷ്ടിക്കും. രസകരവും ചിന്തനീയവും വിജ്ഞാനപ്രദവുമായ ഈ 'വിസ്മയപ്പട്ടം' പ്രളയത്തിൽ കേരളത്തിന് ഒരു കൈത്താങ്ങായ് നിന്നവർക്കും,പ്രളയാനന്തരനവകേരളനിർമ്മിതിക്കായ് ഒറ്റക്കെട്ടായിനിന്ന സുമനസ്സുകൾക്കുമായ് സമർപ്പിക്കുന്നു

എന്ന്

എഡിറ്റർ

# എഡിറ്റോറിയൽ

| | |
|---|---|
| ചീഫ് എഡിറ്റർ | :വിനോദ്.എസ്.ബി (സൂപ്രണ്ട്) |
| സബ് എഡിറ്റർ | : ശാന്തി.പി |
| സ്റ്റുഡന്റ് എഡിറ്റർ | : അതുൽ.ടി |
| ബോർഡ് അംഗങ്ങൾ | : മധു.കെ |
| | ജിൽസി ജോർജ്ജ് |
| | ബിനി.കെ.ആർ |
| | സന്തോഷ്.എ |
| | ജോബി .വി.ടി |
| | ജാസ്മിൻ നിഷ.കെ |
| | ആതിര.സി.വി |
| | ജിനനാഥ്.കെ |
| | മുഹമ്മദ് ഷിബിൽ.എം |
| | നിയാസ്.എം |
| | ഹാസി റഹ്മാൻ കുരിക്കൾ |
| കവർ ഡിസൈനർ | : മുഹമ്മദ് അൽഫാസ്.കെ.എം |
| കൈറ്റ് മിസ്ട്രസ് | : ശാന്തി പി |
| | : ജിൽസി ജോർജ്ജ് |

# താളുകളിലൂടെ

1. ആശംസ
2. കലാലയ ജീവിതം
3. പ്രളയം ഉണർത്തുന്ന ചിന്തകൾ
4. പ്രളയത്തിൽ മുങ്ങിയ കേരളം
5. പ്രളയാനന്തര കേരളത്തിന്റെ അതിജീവനം
6. മധുരനൊമ്പരം
7. പ്രതീക്ഷയുടെ കാൽച്ചുവടുകൾ
8. ഗാന്ധിജി
9. നഷ്ടബാല്യം
10. തെരുവിൽപിറന്ന ഇരുട്ടിന്റെ മക്കൾ
11. ദൈവത്തിന്റെ നാട്
12. സംഗീതമേ ജീവിതം
13. സ്മരണ
14. കണ്ണീർപ്പൂവ്
15. അമ്മതൻ ഉണ്ണി
16. അമ്മേ ഞാൻ സ്മരിക്കുന്നു
17. ചിത്രങ്ങൾ

18. പ്രാക്ടിക്കൽ വർക്ക്ഷോപ്പുകൾ
19. ഗുരു വന്ദനം
20. ഒരുമ തന്നെ പെരുമ
21. അറിവിന്റെ ജാലകം
22. ഉത്തരങ്ങൾ
23. മഹത് വചനങ്ങൾ
24. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
25. നന്ദി

# ആശംസ



മഞ്ചേരി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ് ' ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2018-2019 ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ വിജ്ഞാന പ്രദമായ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

എന്ന്,
വിനോദ്.എസ്.ബി
സൂപ്രണ്ട്

# കലാലയ ജീവിതം



നീറുന്നെൻ മനസ്സിൽ ഞാൻ –
ഓർക്കുന്നു കലാലയ ജീവിതം.
കട്ടുകഃ മണിപോലെ ഓർക്കുന്നു –
ഞാനാ കലാലയത്തിനെ.

എന്നും എപ്പോഴും രസിച്ച –
ആ ജീവിതം
ഇനി വീണ്ടും നാമെല്ലാം കണ്ടു മുട്ടുന്നു.
അപ്പോഴതാ ചിലർ ചിരിക്കുന്നു, കരയുന്നു.

കെട്ടിപ്പുണർന്ന് സ്നേഹം പങ്കിടുന്നു.
എന്നിട്ടും തീർന്നില്ലാ സ്നേഹ മാധുര്യം
ഇപ്പോഴും ഞാനോർത്തിടുന്നു
ആ കലാലയ ജീവിതം.

നാല് ചുവരുകളിൽ തീരുന്ന സൗഹൃദം
ലോകത്തിലാകെ പരത്തിടുമ്പോൾ
അക്രമമില്ലാ, സമാധാനം മാത്രം
എന്നാലും അങ്ങുമിങ്ങു ചില സൗഹൃദത്തല്ലുകൾ

കുശുമ്പും, തെറ്റലും മിണ്ടലുമെല്ലാം
നിറഞ്ഞു നിൽക്കുന്നാ... കലാലയ ജീവിതം...
എന്നാലും എല്ലാരും ഇഷ്ടപ്പെടുന്നാ ജീവിതം
എന്നുമെപ്പോഴുമോർക്കാനൊരു ജീവിതം.

നേരം വെളുക്കുമ്പോൾ പാഞ്ഞെത്തും -
മനസ്സില്ലാമനസ്സോടെ ക്ലാസിലിരിക്കും
രണ്ട് മണിയായാൽ ബെല്ലടിക്കും
പിന്നതാ ഓട്ടമത്സരം, ചോറിന് വേണ്ടി.

പിന്നാലെയതാ നാലുമണിയാവുന്നു
വീണ്ടുമൊരോട്ടം ചായക്ക് വേണ്ടി.

ഇനിയും ഞാനാഗ്രഹിക്കുന്നു
ആ സൗഹൃദ ജീവിതത്തെ
മരണം വരെ ഓർക്കുന്ന ജീവിതത്തെ.

ഫാരിസ്.പി

# പ്രളയം ഉണർത്തുന്ന ചിന്തകൾ



ബിനി കിഴിശ്ശേരി
മലയാളം അധ്യാപിക

**കേരളം കണ്ട ഏറ്റവും വലിയ ദുരന്തമായിരുന്നു 2018-ലെ പ്രളയം. പ്രകൃതിയുടെ താണ്ഡവനൃത്തത്തിൽ ഒരു നിമിഷം മനുഷ്യൻ നിസ്സഹായനായിത്തീർന്നു. ഇത് നമുക്ക് പ്രകൃതി നൽകുന്ന ഒരു മുന്നറിയിപ്പാണ്. പ്രകൃതിയെ മറന്നുകൊണ്ടുള്ള മനുഷ്യരുടെ പുരോഗതിയിലേക്കുള്ള, സ്വാർത്ഥതയിലേക്കുള്ള മുന്നേറ്റത്തിന് ഒരു കടിഞ്ഞാണിടൽ. പ്രകൃതിയെ അറിയാത്ത അവയെ സംരക്ഷിക്കാതെയുള്ള നമ്മുടെ ഓരോരുത്തരുടേയും സഞ്ചാരം വലിയ വിപത്തുകൾ സൃഷ്ടിക്കുമെന്ന മുന്നറിയിപ്പ് ഈ പ്രളയം നമ്മെ ഓർമ്മപ്പെടുത്തുന്നു. കൂടാതെ അതിജീവനത്തിന്റെ തുടിപ്പുകൾ കേരളക്കരയിൽ അലയടിച്ചതിനും ലോകം സാക്ഷിയാകേണ്ടി വന്നു.**

''രാമായണ'' ത്തിൽ പറയുന്ന ''മാനിഷാദ'' എന്ന വാക്കിന്റെ പൊരുൾ നാം തിരിച്ചറിയണം. ഇന്ന് മനുഷ്യൻ നിഷാദന്മാരായിത്തീർന്നിരിക്കുന്നു. അവരുടെ സ്വാർത്ഥ താൽപര്യങ്ങൾക്കു മുന്നിൽ ബലിയാടാവുന്നത് നിസഹായരായ ഒരുപാട് മനുഷ്യജന്മങ്ങളാണ്. പണത്തിന് വേണ്ടി, കുടില ബുദ്ധിയോടെ പെരുമാറുന്ന മനുഷ്യർക്ക് തിരിച്ചടി പ്രകൃതി നൽകിക്കൊണ്ടിരിക്കുന്നു. പുഴയെ മണലൂറ്റി ഇല്ലാതാക്കുന്നതും കുന്നുകളും വയലുകളും നിരത്തുന്നതും ഡാമുകൾ കെട്ടിപ്പൊക്കുന്നതും അശാസ്ത്രീയമായ ഡാമുകളുടെ നിർമ്മാണവും പുഴയെ തിന്നുകൊണ്ടുള്ള റിസോർട്ടുകളും കനാലുകളുടെ കയ്യേറ്റവുമെല്ലാം പ്രകൃതി ദുരന്തങ്ങളെ മനുഷ്യൻ വരവേൽക്കുന്ന പ്രവർത്തികളാണ്. തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള പ്രദേശങ്ങളിൽ പ്രളയം വിതച്ച ദുരന്തങ്ങൾ ഭയാനകമാണ്. തൊണ്ണൂറ്റിയൊമ്പതിലെ (1924) പെരിയാർ വെള്ളപ്പൊക്കത്തേക്കാൾ വലിയ വെള്ളപ്പൊക്കമായിരുന്നു. പ്രളയ സമതലങ്ങളെ സംരക്ഷിക്കാതെയുള്ള മനുഷ്യരുടെ കടന്നുകയറ്റത്തിന്റെ ഭവിഷത്തുകൾ കേരളക്കര ഒന്നടക്കം നേരിടേണ്ടി വന്നു.



മാധവ്ഗാഡ്ഗിൽറിപ്പോർട്ടും,കസ്തൂരിരംഗൻ റിപ്പോർട്ടും പശ്ചിമഘട്ടസംരക്ഷണത്തിന്റെആവശ്യകതയേയുംപരിസ്ഥിതിലോലപ്രദേശത്തിന്റെ പ്രത്യേകതകളേക്കുറിച്ചും പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചെങ്കിലും അതിനെ ആരും മുഖവുരക്കെടുക്കാതെ പോയതിന്റെ തിക്തഫലം ഇപ്പോൾ കേരളം അനുഭവിക്കേണ്ടി വന്നു.

കേരളം അതി ജീവിനത്തിന്റെ തുടിപ്പുകൾ തേടുന്ന കാഴ്ച്ച അനിർവചനീയമാണ്.മനുഷ്യ സ്നേഹത്തിന്റെ നൈർമല്യവും, ജാതി–മതഭേതമില്ലാതെ;പാവപ്പെട്ടവൻ ധനികൻ എന്നീ വ്യത്യാസമില്ലാതെ ഒത്തൊരുമയോടുള്ള അതിജീവനത്തിന്റെ ലോകം നോക്കിക്കണ്ടു.ഇവിടെ അവഗണനയുടെ ഭാരം പേറിനടന്ന "അരയസമുദായം" ദൈവദൂതന്മാരെപ്പോലെ ഉയർന്നുവന്നതും അവരെ സമൂഹം അംഗീകരിച്ചതും ഈ പ്രളയത്തിന്റെ മറ്റൊരുതലം!ഒരു പ്രളയം വേണ്ടിവന്നു അവരെ സമൂഹം അംഗീകരിക്കാൻ. അവരുടെ ആത്മാർത്ഥതയും സ്നേഹവും ഐക്യവും തിരിച്ചറിയാൻ, മറ്റുള്ളവർക്ക് കൈതാങ്ങായി പ്രവർത്തിച്ച ആ സമുദായം, എന്നെന്നും കേരളചരിത്രത്തിൽ അതിജീവനത്തിന്റെ തുടിപ്പുകൾ തന്നെയാണ്. കൂടാതെ കേരളക്കരയെ ഉയർന്നെഴുന്നേൽപ്പിക്കാൻ പ്രവർത്തിച്ച വിവിധ മേഖലകളിൽ, രാജ്യങ്ങളിൽ ഉള്ളവർ നടത്തിയ നിസ്തുല സേവനം സ്വാഗതാർഹം തന്നെയാണ്.

**പ്രശസ്ത തത്വചിന്തകനായ ''ബാർബോസ്'' പറയുന്നതുപോലെ ''ഈ ഭൂമി നമ്മുടേതല്ല: നാം വരും തലമുറയോട് കടം വാങ്ങിയതാണ്'' അതേ, നമ്മൾ അടുത്തതലമുറക്ക് കൈമാറാനുള്ള ഈ ഭൂമിയെ യാതൊരു കേട്ടുംകൂടാതെ നൽകണം. അതിനാൽ നാം പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തണം. ഇനിയും ഒരു പ്രളയമില്ലാതെ ''നവകേരളം സുന്ദര കേരളം'' എന്ന സങ്കൽപ്പം യാഥാർത്ഥ്യമാകട്ടെ.**

# പ്രളയത്തിൽ മുങ്ങിയ കേരളം



സ്മരിക്കാം നമുക്ക് കേരളത്തെ
പ്രളയത്തിൽ മുങ്ങിയ കേരളത്തെ!
അഴുക്കും ചെളിയും കൂടിക്കലർന്ന
പ്രളയത്തിൽ മുങ്ങിയ കേരളത്തെ

ഒരു കൈപിടി ചോദിച്ചിരിക്കുന്നു
സൗന്ദര്യമുള്ള ഈ കേരളത്തെ
മൃഗങ്ങളും, പക്ഷികൾ, തെങ്ങും
വയലും കാറ്റിലും മഴയിലും ഒലിച്ചുപോയി
ജീവിതം ആകെ വെള്ളത്തിലായി

മനുഷ്യരെല്ലാം ഒത്തുകൂടി
ജാതി മറന്ന്, മതം മറന്നു
മനുഷ്യരെല്ലാം ഒത്തുകൂടി

സ്കൂളും ആശുപത്രികളും
എല്ലാതും അടച്ചുപൂട്ടി
നെഞ്ചോടൊപ്പം വെള്ളം കയറി,
മരണത്തോടന്നു മല്ലടിച്ചു

കാറ്റും മഴയും വന്നു
കാറും ബസ്സും ഒലിച്ചു പോയി
ഡാമിലെ ഷട്ടറുകൾ തുറന്നുനിന്നു
ആകെ ആകെ വെള്ളം കയറി


ലക്ഷക്കണക്കിന് പക്ഷികളും
മൃഗങ്ങളും പ്രളയത്തിലൊലിച്ചു പോയി
തോട്ടും പുഴയും ഒന്നുപോലെ
തോന്നിപ്പിക്കുന്ന നമ്മൾക്കെല്ലാം
ജീവിതം വെള്ളത്തിൽ മുങ്ങിപ്പോയി
കരളും ചങ്കും ഉണങ്ങിപ്പോയി
സ്മരിക്കാം സങ്കടത്തോടെ കേരളത്തെ

ദുരിദാശ്വാസ ക്യാമ്പുകൾക്കായി
തേടുന്ന മനുഷ്യരെ ഹെലികോപ്റ്ററിൽ
മണ്ണും മലയും ഒലിച്ചുവന്ന വീടിൻ മുകളിലേക്ക്

നിൽക്കാതെ പെയ്യുന്ന മഴയെ പേടിച്ച നാം
ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന നാം
സ്മരിക്കാം നമുക്ക് കേരളത്തെ
പ്രളയത്തിൽ മുങ്ങിയ കേരളത്തെ......

സിദ്ധാർഥ്–എം

# പ്രളയാനന്തര കേരളത്തിന്റെ അതിജീവനം



കേരളത്തെ ഒന്നാകെ നടുക്കിയ ഒരു ചരിത്ര സംഭവമായിരുന്നു പ്രളയം. ഭീതിയോടെയായിരുന്നു കേരളീയർ പ്രളയത്തെ നേരിട്ടത്.പ്രകൃതിയുടെ രൗദ്രഭാവം നാം തികച്ചും കണ്ടു.പ്രകൃതിയുടെ ഈ കോപം കണ്ട് ഒഴിഞ്ഞ് മാറി രക്ഷപ്പെടാനാല്ലാതെ മറ്റൊന്നും ചെയ്യാൻ നമുക്കായില്ല.സ്വന്തം നാട്ടും വീട്ടും എല്ലാം എല്ലാം കൺമുന്നിൽ തകർന്ന് വീഴുമ്പോൾ ഒന്നും ചെയ്യാനാവാതെ ദുരിതാശ്വാസ ക്യാമ്പുകളിൽ വിങ്ങിപ്പൊട്ടുന്ന മനസ്സുകൾ.

എങ്കിലും സ്വന്തം ജീവൻ പോലും പണയപ്പെടുത്തി മറ്റുള്ള വരെ നെഞ്ചോട്ടു ചേർത്ത് ധീരതയോടെ

**പ്രളയബാധിത പ്രദേശങ്ങളിൽ നിന്ന് ഒന്നും ചെയ്യാൻ വയ്യാതെ പലയിടങ്ങളിലും കുടുങ്ങി നിൽക്കുന്നവരെ രക്ഷപ്പെടുത്താൻ തുനിഞ്ഞിറങ്ങിയ സൈനികർ, മത്സ്യത്തൊഴിലാളികൾ, നാട്ടുകാർ ഇവരെല്ലാം പ്രശംസ അർഹിക്കുന്നവർ തന്നെയാണ്.**

**പ്രകൃതിയോടുള്ള മറ്റുള്ളവരുടെ ക്രൂരമായ പെരുമാറ്റത്തിന്റെ വലിയൊരു തിരിച്ചടി തന്നെയാണ് നാം നേരിട്ട പ്രളയം. പ്രകൃതി വൈവിധ്യങ്ങളെ മനുഷ്യർ ഓരോന്നായി പകുത്തെടുക്കുമ്പോൾ പ്രകൃതി മാതാവിന്റെ വേദന, നാം അത് വില വച്ചതേയില്ല. പണം, പണത്തിന്റെ കുരുക്കിൽ മറ്റുള്ളതൊന്നും നാം വകവെച്ചില്ല. പണത്തിന്റെ സാന്നിധ്യത്താൽ എന്തും നേടാനാകും എന്ന ചിന്ത അത് ഓരോരുത്തരുടേയും മനസ്സിൽ വേരോടിക്കൊണ്ടേയിരുന്നു. ഈ ചിന്ത അത് മനുഷ്യൻ വർഗത്തിന്റെ തന്നെ നാശമായിത്തീരും എന്നതിൽ സംശയമില്ല. ഒട്ടും പ്രതീക്ഷിക്കാതെ വന്ന ഒരു വിരുന്നുകാരൻ അയാൾ നാട്ടുകാരുടെ എല്ലാം കവർന്നെടുത്തു പോയി. അധികധനസമ്പാദനം എന്ന ചിന്ത നമ്മെ ഒരു മന്ദബുദ്ധിയാക്കി മാറ്റി. എന്തു തന്നെയായാലും കേരളത്തിലെ ഒരുപാട് നല്ല മനുഷ്യരുടെ സ്വഭാവം നമുക്ക് കാണാൻ സാധിച്ചു. കേരളത്തിന്റെ നല്ല സമൂഹത്തിന്റെ പ്രതിനിധികളാണ് ഇവരെല്ലാം. നമ്മൾ ചെയ്ത കർമ്മങ്ങളുടെ ഫലം നമ്മൾ തന്നെ അനുഭവിക്കും**

എന്ന വാക്കിന്റെ അർഥം തികച്ചും കേരളീയർ അറിഞ്ഞത് ഈ പ്രളയകാലങ്ങളിലൂടെ തന്നെയാണ്.

പ്രളയം മൂലം കേരളത്തിന്റെ ഛായ തന്നെ മാറിയിരിക്കുകയാണ്. പലയിടങ്ങളിലും പ്രളയത്തിന്റെ ദുരിതങ്ങൾ മാറിയിട്ടില്ല. നിരവധി മനുഷ്യരും മൃഗങ്ങളും ചത്തൊടുങ്ങി. പ്രളയ മാലിന്യങ്ങൾ മൂലം പലയിടങ്ങളിലും പലരും ദുരിതങ്ങൾ അനുഭവിക്കുന്നു. എങ്കിലും കേരളീയർ കരപറ്റിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പലരുടേയും നിക്ഷേപങ്ങളും കേരളത്തെ വീണ്ടെടുക്കാൻ വളരെയധികം കാരണമാവുന്നു. പണം കൊണ്ടുമാത്രം വീണ്ടെടുക്കാവുന്നതല്ല കേരളത്തെ. ഇനിമുതൽ പ്രകൃതിയെ നാം നല്ലരീതിയിൽ സംരക്ഷിക്കേണ്ടതുണ്ട്. ഇനി മുതൽ വന നശീകരണം, വയൽ നികത്തൽ, കുന്നിടിക്കൽ, മണൽവാരൽ തുടങ്ങി പ്രകൃതി വിരുദ്ധമായി നാം ഒന്നുംതന്നെ ചെയ്യാൻ പാടുള്ളതല്ല.

സ്വന്തം വീട്, വീട്ടുകാർ കൺമുന്നിൽ ഇല്ലാതെയായവരുടെ സങ്കടം, വിതുമ്പൽ എല്ലാം നാം വാർത്താ മാധ്യമങ്ങളിലൂടെയും, ടി.വി ചാനലുകളിലൂടെയും കണ്ടുകൊണ്ടേയിരിക്കുകയായിരുന്നു. ഗതാഗതം, വൈദ്യുതി, സമ്പത്ത് തുടങ്ങി നിരവധി നഷ്ടങ്ങളാണ് കേരളം പ്രളയം മൂലം നേരിട്ടത്. ഇനി ജന പ്രശ്നങ്ങൾ എല്ലാം തീർന്ന് നമ്മുടെ കേരളത്തെ വീണ്ടെടുക്കാൻ

ഒരുപാട് കാലം വേണ്ടി വരും, എങ്കിലും നാം നമുക്കാകുന്നത് നമ്മുടെ കേരളത്തിന് വേണ്ടി നൽകാൻ സാധിക്കുമെങ്കിൽ ഏതെങ്കിലും ഒരു കുടുംബത്തിന് അത് വലിയ ഒരു സഹായമായിത്തീരും എന്നതിൽ സംശയമില്ല. അവരുടെ നന്മക്ക് വേണ്ടിയല്ലെങ്കിലും നമ്മുടെ സംതൃപ്തിക്ക് വേണ്ടിയെങ്കിലും നാം നമ്മാലാകുന്നത് ചെയ്യണം. അത് നമ്മുടെ കടമയാണ്. കേരളത്തിനു വേണ്ടി ഒരു കൈസഹായം എന്നത് ഒരു കർത്തവ്യമായി കരുതിക്കൊണ്ട് ഇത് ചെയ്യണമെന്നത് നാം മനസ്സിലാക്കണം. കേരളത്തിന്റെ പ്രളയാനന്തര മൂലം ഉണ്ടായ ദുരിതങ്ങളിൽ നിന്ന് കരകേറാൻ, കേരളത്തിന് അതിജീവിക്കാൻ പ്രയത്നിക്കാം, നമുക്ക് ഒരു പ്രാവശ്യമെങ്കിലും... വിരിയട്ടെ നമ്മുടെ നന്മ ഒരു കുമ്പിളോളമെങ്കിലും....

സേതുകൃഷ്ണൻ.സി

# മധുര നൊമ്പരം

മറക്കില്ലൊരിക്കലും ഈ ഓർമകൾ
മരിക്കാതെയെന്റുള്ളിൽ കിടക്കും എന്നു
മീ ഓർമകൾ,ഹൃദയ തുടിപ്പായി
എന്നുമെന്നും.....
ഞാൻ ജനിച്ചതുത്തൊട്ടുള്ള ഓർമക -
ളെന്നെന്നും,അണയാതെയുണ്ടെന്റെ,
ഉള്ളിലെന്നും,മറക്കില്ലൊരിക്കലും
ആ ഓർമകൾ.
ഇക്കാലമത്രയും ജീവിച്ചിട്ടുള്ളത്രയും
ഓർമകളുണ്ടെന്റെയുള്ളിൽ.
കുട്ടിക്കാലം മുതലുള്ള ഓർമ്മകളിൽപ്പോലും -
വാടാതെയുണ്ടെന്റെ ഉള്ളിനുള്ളിൽ.
വിദ്യാലയത്തിൽനിന്നും കിട്ടിയെനിക്ക് ഒരു -
പാട് മധുരത്തിൻ ഓർമകൾ
മരണം വരെയും മറക്കില്ലൊരിക്കലും
വിദ്യാലയത്തിന്റെ ഓർകൾ.
പ്രണയത്തിലുമുണ്ട് ഒരിക്കലും മറ -
ക്കാത്ത നൊമ്പര മധുരത്തിൻ -
ഓർമകൾ മരണമല്ലൊരിക്കലും
ഈ മധുര ഓർമകൾക്ക്...

സഞ്ജയ്.എം

# പ്രതീക്ഷയുടെ കാൽച്ചുവടുകൾ

ആ കുളിർക്കാറ്റ് അവനെ തലോടിക്കൊണ്ടേയിരുന്നു.മന്ദസ്മിതമാണെങ്കിലും ആ കാറ്റ് അവനോടു പറഞ്ഞു "നീ എത്ര ഭാഗ്യവാനാണ്! നിന്നെപ്പോലെ ഞാൻ ആയിരുന്നെങ്കിൽ ഈ ലോകം തന്നെ ഞാൻ കീഴടക്കുമായിരുന്നു".പെട്ടെന്ന് അവനെന്തോ പ്രചോദനമുൾക്കൊ-
ണ്ടപോലെ ആ മയക്കത്തിൽ നിന്ന് ഉണർന്നു. നോക്കുമ്പോൾ ചുറ്റും വിശാലമായ നെൽപ്പാടം. അപ്പോഴാണ് അവന്റെ മനസ്സിലേക്ക് ഒരു കാര്യം ഓർമ്മ വന്നത്.താൻ നേരത്തെക്കണ്ട ആ മനുഷ്യൻ എവിടെ?...അപ്പോഴാണ് അവന് തന്റെ പഴയ നിഗൂഢതകൾ ഓർമ്മ വന്നത്.

പഠിക്കാൻ അത്ര മിടുക്കനല്ലെങ്കിലും ഒട്ടും മോശമാവാത്ത സ്കൂൾ ജീവിതം ശാന്തവും ഭംഗിയുമായിരുന്ന ആ ജീവിതം ഭാവനാപൂർണ്ണമായിരുന്നു.പഠിക്കാൻപിറകോട്ടാണെങ്കിലുംകണ്ടുപിടുത്തങ്ങളിലും ശാസ്ത്രവിഷയങ്ങളിലും അവൻ മുന്നോട്ടായിരുന്നു. വീട്ടിൽ അവന് വലിയ സ്ഥാനമുണ്ടെങ്കിലും മുത്തശ്ശിക്ക് അവനെ വലിയ കാര്യമായിരുന്നു. അങ്ങനെയിരിക്ക-
യാണ് ഒരു ദിവസം അവന്റെ അച്ഛനും അമ്മയും വിദേശത്തേക്ക് പോവുകയാണെന്ന് അറിഞ്ഞു.അച്ഛനമ്മമാരേക്കാളും മുത്തശ്ശിയെ സ്നേഹിച്ച അവന് അവരുടെകൂടെ പോവാൻ ഇഷ്ടമല്ലായിരുന്നു. അതുകൊണ്ട് തന്നെ അവൻ പോവുകയുമില്ല. ഈയിടക്ക് അവർ പോയപ്പോൾ അവനും മുത്തശ്ശിയും ഒറ്റക്കായി. അവന് ജീവിതം മധുരിതമായി തോന്നി. മുത്തശ്ശിയുടെ കൂടെ സകല സമയം അവൻ ചിലവഴിച്ചു.

അങ്ങനെ ഒരു ദിവസം മുത്തശ്ശി മാറാ രോഗം പിടിപെടുകയും ആരും തിരിഞ്ഞു നോക്കാനില്ലാത്ത അവസ്ഥയും അപ്പോൾ അവൻ സ്കൂൾ പഠനം നിർത്തി മുത്തശ്ശിയെ പരിപാലിച്ചു.പക്ഷെ ഫലം നാസ്തി! മുത്തശ്ശി അവനോടും ഈ ലോകത്തോടും വിട പറഞ്ഞു. ആ പിരിയൽ അവന് തോരാ ദുഃഖമായിമാറിഅവന് പിന്നീട് ഒന്നിനോടും താൽപര്യമില്ലാതാവുകയും ചെയ്തു.

അവൻ ഒരു ദിവസം എല്ലാം ആലോചിച്ച് വയലിനരികിലെ ഒരു മരച്ചുവട്ടിൽ ഇരിക്കുമ്പോഴാണ് ഒരു മനുഷ്യൻ അവന്റെ അരികിലേക്ക് മന്ദം മന്ദം നടന്നു വരുന്നത്.
അവന്റെ ഉള്ളിൽ പല ചോദ്യങ്ങളും ഉയർന്നു വന്നു.അവന് പരിചയമുള്ള ആൾ തന്നെ. പക്ഷെ അവന് ഓർത്തെടുക്കാൻ സാധിക്കുന്നില്ല.അവന്റെ അടുത്തെത്തിയപ്പോൾ അവൻ അയാളെ അറിയാതെ വണങ്ങിപ്പോയി. "ഹലോ സർ !".

അതിന് അയാൾ മറുപടി കൊടുത്തില്ല പകരം ഒരു പുഞ്ചിരി മാത്രം. അവന് പല സംശയങ്ങളും ഉയർന്നു വന്നു. ആരായിരിക്കും ഇയാൾ. അയാളോടു ചോദിക്കാനിരിക്കാൻ മുമ്പ് തന്നെ അയാൾ എന്തോ പറഞ്ഞു: ''എന്താ അരുണേ ഒറ്റക്കിരിക്കുന്നത്, മുത്തശ്ശി മരിച്ച കാര്യം ഞാൻ അറിഞ്ഞു. സാരമില്ല മോന് ദൈവം കൂടെയുണ്ടാവും. അപ്പോൾ അരുണിന്റെ മനസ്സിൽ ഒരു ചിന്ത, ഇയാൾക്കെങ്ങനെ എന്റെ പേര് മനസ്സിലായി! എന്റെ മുത്തശ്ശി മരിച്ചതും എങ്ങനെ അറിഞ്ഞു. അങ്ങനെ ആലോചനകൾ നിറഞ്ഞതോടെ അരുൺ ഉറക്കത്തിലേക്ക് വഴുതി വീണു.
എണീറ്റു നോക്കുമ്പോൾ ആരോ തന്റെ ചെവിയിൽ മന്ത്രിച്ചത് അവന് ഓർമ്മ വന്നു. അവൻ വേഗം തന്റെ ദുഃഖ സ്മരണകളെയെല്ലാം തട്ടിക്കളഞ്ഞ് പുതിയ ഒരു ജീവിതം നയിക്കാൻ ആരംഭിച്ചു.

**അങ്ങനെ ഒരു ദിവസം അരുൺ നടന്നു പോവുമ്പോൾ തനിക്ക് ജീവിക്കാനുള്ള പ്രചോദനവും ഉന്മേഷവും നൽകിയ ആ മഹത് വ്യക്തിയെ ഒരിക്കൽ കൂടി കണ്ടു മുട്ടി. അവൻ അങ്ങോട്ട് ചോദിക്കുന്നതിനു മുമ്പ് തന്നെ അയാൾ എല്ലാം അവനോടു പറഞ്ഞു, എന്നെ നിനക്ക് മനസ്സിലായില്ലെങ്കിലും. എനിക്ക് നിന്നെ മനസ്സിലായി. സ്കൂളിൽ നീ പഠിക്കുമ്പോൾ നിന്റെ ഉയർന്ന ക്ലാസ്സിലെ സാറായിരുന്നു ഞാൻ. നിന്റെ ശാസ്ത്രത്തോടുള്ള ഇഷ്ടവും നിന്റെ കണ്ടുപിടിത്തങ്ങളും എല്ലാം ഞാൻ കാണുന്നുണ്ടായിരുന്നു.**

**നിന്നിലൊരു നല്ല ഭാവി ഞാൻ അന്നേ കണ്ടതാണ്. പക്ഷെ നീ സ്കൂളിൽ വരാതിരുന്നപ്പോൾ ഞാൻ നിന്റെ വീട്ടിലും വന്നു. അപ്പോഴാണ് നിന്റെ മുത്തശ്ശി മരിച്ച കാര്യം ഞാൻ അറിയുന്നത്. പിന്നീടങ്ങോട്ടെല്ലാം ഞാൻ നിന്നെ നിരീക്ഷിക്കുന്നുണ്ടായിരുന്നു. നാളെ മുതൽ നീ എന്റെ വീട്ടിലേക്ക് വരണം. എന്റെ ശാസ്ത്ര മുറിയിൽ നിന്നെ ഞാൻ കൊണ്ടുപോകാം നിനക്ക് അതിന് കഴിയും വലിയ ഉന്നതങ്ങളിലേക്ക് എത്താനാവും. അതെനിക്കുറപ്പുണ്ട്. എന്റെ സ്വന്തം മോനായി ഞാൻ നിന്നെ കണ്ടുക്കൊള്ളാം ഇപ്പോൾ ഞാൻ പോവുന്നു. ഞാൻ കാത്തിരിക്കും,വരണേ .......**

**അയാൾ പോകുന്നത് അവൻ നോക്കി, നിറ കണ്ണുകളോടെ, പ്രതീക്ഷയോടെ അവന്റെ പ്രതീക്ഷയുടെ കാൽച്ചുവടുകൾ അങ്ങനെ നീണ്ടു നീണ്ടു പോയി...**

**മുഹമ്മദ് നിയാസ്.എം**

# ഗാന്ധിജി



എന്നും വെളിച്ചമായ്, സ്മരണയായ്-
മനസ്സിൽ കുടിക്കൊള്ളുന്ന എന്നും ഗാന്ധി.
അഹിംസ എന്ന വിജ്ഞാന ആയുധവുമേന്തി-
ഹൃദയത്തിൽ കുടിക്കൊള്ളുന്ന ഗാന്ധി.

സ്വാതന്ത്ര്യ സ്മരണകൾ ഓതിവിളിക്കുന്ന-
മഹാത്മാവാണെൻ ഗാന്ധി.
ഓർമ്മകൾ നീരാടുവോരം എനിക്കിനി-
എന്നും ഉനിലവായെന്റെ ഗാന്ധി.

അർദ നഗനായ ഫഖീറുമെന്നുള്ളിൽ-
സ്വാതന്ത്ര്യത്തിൻ പുതു നിലാവായ് നിന്നു,
വെള്ളക്കാരുടെ മുന്നിൽ എന്നെന്നും ഒരു-
വെല്ലു വിളിയായിരുന്നെൻ ഗാന്ധി.

അഹിംസ എന്ന വാളേന്തി ഗാന്ധിജി
വെള്ളക്കാരുടെ ഭരണം ഇല്ലാതാക്കി.
ഓരോ ഭാരതീയരുടേയും ജന്മാ അഭിലാഷം
സത്യാഗ്രഹത്തിലൂടെ ഗാന്ധിജി നൽകി.

ഇന്നീ പുതുയുഗത്തിൽ നമുക്കൊരു
സ്മരണ മാത്രമാണെന്നും ഈ ഗാന്ധി,

എന്നാൽ ഈ ഭാരതീയരുടെ
ഹൃദയതളമാണെന്നും ഈ ഗാന്ധി.

എന്നും വെളിച്ചമായ്, സ്മരണയായ്-
മനസ്സിൽ കുടികൊള്ളുന്നു എന്നും ഗാന്ധി.
അഹിംസ എന്ന വിജ്ഞാന ആയുധവുമേന്തി-
ഹൃദയത്തിൽ കുടികൊള്ളുന്നു ഗാന്ധി.

എന്നുമീ ഭാരതീയർക്ക് ഒരു മാതൃക-
യാണെന്നും ഗാന്ധി.
ആ ചിന്തയിനിയെന്നെന്നും ഈ നമ്മൾ
ഗാന്ധിജിയെ സ്മരിക്കണം !!

നിഖിൽ.സി.കെ

# നഷ്ടബാല്യം

മരവിപുണർത്തും ഈ കാലം -
മനുഷ്യനെ തിന്മകൾ കൊണ്ടുനിറക്കവെ
അർത്ഥമില്ലാ ഈ ജീവിതം എന്നുള്ളതും
ആരുമേ കാണാതെ പെയ്യാൻ വിതുമ്പുന്ന
കാർമേഘ ദുഃഖമാം രാത്രി മഴ

ജീവിതം മനുഷ്യനെ കൊണ്ടെത്തിച്ചതും
പല പല നാളുകൾ ഒന്നായ് കളിച്ചതും
നന്മയാം ദുഃഖത്തിൻ ഒന്നായ് കളിച്ചതും
നഷ്ടബാല്യത്തിൻ ഓർമകൾ നിന്നിലെ!

ഒന്നിച്ചു നാം കളിച്ചു നടന്നതും
ഉച്ച ഊണും നാം പങ്കിട്ടു തിന്നതും
പഠന മുറികൾ നാം ചിന്തിച്ചു തീർത്തതും
കാലം നമുക്ക് നഷ്ടം സമ്മാനിച്ചതും!

വിദ്യയാം പാഠം പഠിപ്പിച്ചു തന്നതും
തിന്മകൾ തിന്മയായ് കാണിച്ചു തന്നതും
അക്ഷര നഗരത്തിലക്ഷരം തന്നതും
അന്നെത്ത ബാല്യം സുന്ദരമുള്ളതും

പ്രണയത്തിലാണ്ടുപോയ് എന്നിലെ ബാല്യവും
ഇഷ്ടമാണെന്നു പറഞ്ഞു നടന്നും

**അന്നത്തെ കുസൃതികളാണെന്നറിഞ്ഞതും**
**ബാലനാം ബാല്യം സുന്ദരമുള്ളതും**

**അന്നത്തെ എന്റെ കൊച്ചു കുസൃതിയാ**
**പഠനത്തിനായ് താൽപര്യമില്ലായ്മയും**
**തെറ്റാണെന്ന് പഠിപ്പിച്ചു തന്നതും**
**ബാല്യത്തിൽ ഞങ്ങൾക്കറിഞ്ഞില്ലാർന്നതും**
**കുളത്തിൽ കുളിച്ചതും**
**ചളിയിൽ കളിച്ചതും**
**ഇന്നുള്ള ബാല്യത്തിൽ കാണില്ലെന്നതും**
**അന്നത്തെ ബാല്യത്തിൽ സുന്ദരമില്ലെന്നും**
**ഓർക്കണം സോദരാ നിന്നുള്ളിലെന്നുമേ!...**

**മുഹമ്മദ് റിൻഷാദ് .എൻ.ടി**

# തെരുവിൽ പിറന്ന ഇരുട്ടിന്റെ മക്കൾ

കേരളത്തിന്റെ വിശാലമായ തലസ്ഥാനത്തിന്റെ ഒരു കോണിൽ പേരില്ലാത്തവനായി അവൻ ജനിക്കുന്നു. എന്നും ഇരുട്ടിന്റെ മകനായിരുന്നു ഇരുട്ടുപോലെത്തന്നെ മുന്നോട്ടുള്ള യാത്ര എങ്ങോട്ട് എന്നില്ലാതെ അവൻ അലഞ്ഞുതിരിഞ്ഞു അച്ഛന്റേയോ അമ്മയുടേയോ സ്നേഹം അറിയാതെ. ഭക്ഷണത്തിനു വേണ്ടി ദിവസവും ഭക്ഷണ ശാലയുടെ പിറകിലെ ചവിറ്റുക്കൊട്ട തിരയുമായിരുന്ന ഉറക്കമാണെങ്കിൽ രാമു ഏട്ടന്റെ കടത്തിണ്ണയിലും കടകൾ അടക്കുന്നത് കാത്തുനിൽക്കുന്ന ഒരു നിസ്സഹായനാണ് അവൻ വിദ്യാഭ്യാസം ഇല്ലാത്തവനാണ് എന്നാലും നാട്ടിലെ എല്ലാനല്ലകാര്യങ്ങളും ചെയ്യുമായിരുന്നു. പകൽ മുഴുവൻ ചെറിയ പണികളും പിന്നീടുള്ള സമയം അംബരചുംബികളായ മരങ്ങളെ സേവിക്കുകയായിരുന്നു. അമ്മയുടെ മടിത്തട്ടിൽ കിടക്കാൻ ആഗ്രഹമുണ്ടായിട്ടും അതിൽ കഴിയാത്തതിന്റെ വിഷമം അവൻ മറന്നിരുന്നു. പ്രകൃതിയെ തന്റെ അച്ഛനായും മരങ്ങളെ തന്റെ അമ്മയായും അവൻ കണ്ടു. ഒരിക്കൽ കൊച്ചിയിലെ കെട്ടിടപ്പണിക്ക് പാണ്ടിപ്പണിക്കാരുടെ കൂട്ടത്തിൽ അവനും പോയി, ദുഃഖം അറിയാത്ത ജീവിതവും സ്വപ്നം കണ്ട്. തന്റെ ഹൃദയം പോലെത്തന്നെ തന്റെ മനസ്സിൽ സൂക്ഷിച്ച മരങ്ങളെയും വിട്ട് അവിടെ കൊച്ചിയിൽ എത്തും വരെ ആകാംക്ഷയായിരുന്നു അവന്. എന്നാൽ അവിടെ അതിലും

മോശമായിരുന്നു. ഗ്രാമ നഗര വ്യത്യാസം അവന് അനുഭവപ്പെട്ടു. തന്റെ പോലെ നിരവധി മനുഷ്യർ നിസ്സഹായതയോടെ ആ തെരുവിൽ ജീവിക്കുന്നുണ്ട് ആ തെരുവിന്റെ മക്കളായി, എന്നാലും ലോകത്തിന്റെ കണ്ണിൽ അവർ കാണപ്പെടുന്നില്ല എന്നും കണ്ടാൽ അറപ്പ് തോന്നുന്ന രൂപം മാത്രം ഉള്ള അവരെ ആരും തിരിഞ്ഞു നോക്കുന്നില്ല. കെട്ടിട തൊഴിലാളി എന്ന പേരിലാണ് അവൻ ഗ്രാമം വിട്ടത് എന്നാൽ അവിടെ ചൂഷണമായിരുന്നു. കുട്ടിയായതുകൊണ്ട് മുതലാളി പണം തരുന്നില്ല, ഭക്ഷണമില്ല.

ദിവസങ്ങൾക്ക് ശേഷം തന്റെ ജീവൻ ഒടുക്കാൻ തീരുമാനിച്ച നിമിഷം, അവൻ ഒരു നിമിഷം ആകാശത്തിന്റെ വിണ്ണ് മാറിലേക്ക് നോക്കി, അവിടെ നക്ഷത്രങ്ങളുടെ ഭാഗികമായ വെളിച്ചത്തിൽ അവന് തോന്നി ജീവിതത്തിൽ തന്റെ പോലെ തോറ്റ ഒരായിരം അനാഥരുടെ ആത്മാവ് ആ ഇരുട്ട് മൂടിയ ചുറ്റുപാടിലൂടെ നിസ്സഹായന്റെ നിലവിളിയോടെ അലയുന്നത്. അതോടെ ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല എന്ന് അവൻ അന്ന് തീരുമാനിച്ചു. എന്നെ പോലെ ഞാൻ കണ്ട നിരവധി പേരുണ്ട്. പക്ഷെ അവരെ അംഗീകരിക്കാത്ത ഈ ലോകം ഇരുട്ടിന്റേതുമാത്രമാണ്. പക്ഷെ ഒരു ഇരുട്ടുകഴിഞ്ഞാൽ വരുന്ന പ്രകാശത്തിനായി അവൻ കാത്തിരുന്നു. വേറെ കുറേ ജോലിക്കായ് പരിശ്രമിച്ചെങ്കിലും ഒന്നും വിജയിച്ചില്ല. ഒരു അനാഥനായി ജനിച്ചതിന്റെ പരിമിതികൾ അവൻ മനസ്സിലാക്കുന്നു. മനുഷ്യൻ

**സ്വതന്ത്രമായി ജനിക്കുന്നുണ്ടെങ്കിലും എല്ലായിടത്തും ആ മനുഷ്യൻ ചങ്ങലയിലാണ്. അതിനെ മറികടക്കൽ അസാധ്യമാണ് താൻകിടന്ന കടമുറിയുടെ മറ്റൊരു വശത്ത് പട്ടിയുടെ ആക്രമണത്താൽ ചെവിയും കയ്യും ഇല്ലാതായൊരു മധ്യവയസ്കനെ. അതു കണ്ട സങ്കടത്തിൽ അവിടെ നിന്ന് ഓടി മറയുകയായിരുന്നു അവൻ. തന്റെ ജീവിത സന്ദർഭം പോലെ ഒരു പാട്ടുണ്ട് എന്നാൽ അവർക്ക് പറയാൻ ഒരു പേരുണ്ട് എന്നത് അവന് സഹിക്കാൻ കഴിയാത്ത ഒന്നായിരുന്നു. എന്നാൽ താൻ അനാഥനല്ല താൻ ഈ ഭൂമിയുടെ മകനാണ് എന്ന് സ്വയം ആശ്വസിപ്പിക്കുന്നു. പിന്നീടുള്ള രാത്രികളെല്ലാം ഉറക്കമില്ലാത്തതായിരുന്നു. കണ്ണുകൾ അടക്കുമ്പോൾ പരിക്കേറ്റ ആ മധ്യവയസ്കന്റെ മുഖം മനസ്സിലേക്ക് എവിടെ നിന്നോ എന്തെന്നില്ലാതെ വന്ന് കുത്തി നോവിച്ചു കൊണ്ടേയിരിക്കുകയാണ്.**

**ആകാശ്.സി**

# ദൈവത്തിന്റെ നാട്



പരശുരാമൻ മഴുവെറിഞ്ഞ്
ഉയർന്നു വന്നൊരു കേരളം
വിജയ കഥകൾ, വീര കഥകൾ
നിറഞ്ഞു നിന്ന കേരളം
മാവേലി നാടുവാണീടുന്ന നാട്
നന്മകൾ നിറഞ്ഞു നിന്ന നാട്.
വീരപുത്രന്മാർക്ക് ജന്മം നൽകിയ നാട്
അനീതികൾ തച്ചുടച്ച നമ്മുടെ നാട്
നാനാമതസ്ഥർ വാണീടുന്ന നാട്
പ്രളയത്തിൽ നിന്നും അതിജീവനം
ചെയ്ത എന്റെ സ്വന്തം നാട്.
ദൈവത്തിൻ സ്വന്തം നാട്
വാഴുക, വാഴുക എന്റെ നാട് വാഴുക

– ജിജിൻ. എസ്

# സംഗീതമേ ജീവിതം




സംഗീത സ്മരണ മിഴിചിമ്മും
സംഗീതമെങ്ങും യാത്രമായി
താൻ സ്നേഹിച്ച് കൊതിതീരുംമുൻമ്പ്
ദൂരെ ചക്രവാളങ്ങളിൽ ചേക്കേറി

ജീവിതം മരണത്തിലാണ്ടു
ഓർമ്മചില്ലകൾ തുളച്ചിട്ട ചോരപൊടിഞ്ഞു
മരണഭയത്താൽ പിടഞ്ഞതോ
തന്റെ ജീവിത സഖിയെ വിട്ടുപോകണമെന്നോർത്തതോ?

സംഗീതമെന്ന ലോകത്തിലെ ഓരോ നിമിഷവും
പ്രിയപ്പെട്ടതായിരുന്നു പക്ഷേ തന്റെ ജീവിതം തീർന്നു.
താൻ വിശ്വസിച്ച ദൈവവും
താൻ പ്രാർഥിച്ച ദൈവവും തന്നെ കൈവെടിഞ്ഞു.

സുഗന്ധമില്ലാത്ത പൂവുപോലെ എൻ
മോഹങ്ങളും പ്രാണവായുവും
നിൻ സ്നേഹം അനുഭവിക്കാൻ എനിക്കും
നമ്മുടെ പിഞ്ചോമനക്കും ഇനി സാധ്യമല്ല.

**അന്ത്യയാത്രയിലൊരു വാക്കു ചൊല്ലാതെ**
**ഞാൻ ഇനി ഒരു നക്ഷത്രമായി തിളങ്ങിടുന്ന നേരം**
**കരയാതെ നിന്റെയൊരു പുഞ്ചിരി തരണം**
**അപ്പോഴാണ് വാനത്തിൽഎനിക്ക് സന്തോഷമാവൂ...**

**അഭിഷേക്-എൻ.പി**

# സ്മരണ

നീറുന്നെൻ ഹൃദയത്തിൽ ഒരു –
കടുക കഷ്ണം പോൽ
എന്നുള്ളിലെ വിങ്ങുന്ന,തിങ്ങുന്ന
തീക്കനൽ ഓർമകൾ

വിങ്ങുന്നെൻ ഹൃദയത്തിൽ ആ
സുന്ദര കാലം
കലാലയ ജീവിതമെന്നുള്ളിലാ
ഓർമ വിടരുന്നു

കുട്ടികളും അധ്യാപകരുമുള്ളൊരു ക്ലാസ്സ് –
റൂം അറിവിന്റെ വാക്യം പഠിപ്പിച്ചു തന്നു.
ക്ലാസ്സിലെ വികൃതികളും തമാശയുമെല്ലാം
അറുത്തുകളഞ്ഞു പരീക്ഷ എന്നത് !

മായാതെ മറിയാതെ എന്നുള്ളിലൊരു
കടുക മണി പോലൊരു ദുഃഖം;
മീനാക്ഷിയുടെ പിന്നിൽ നടന്നൊരു –
കാലം, തള്ളിയവൾ എന്നെ.

കായികവും കലാമേളയും ശാസ്ത്രമേളയും

**എല്ലാം രസമുള്ളതായിരുന്നു.**
**സ്കൂളിൽ വലിയൊരു ആഘോഷമായി**
**തീരുന്നെന്നുള്ളിൽ .**

**എന്തിനിനി പ്രണയം ആ**
**സുന്ദരകാലത്തിനെ മായുന്ന എന്നുള്ളിലെന്നും**
**ഓർമ്മകൾ എന്നെന്നും ജീവിച്ചിരുന്നു.**

**മുനവ്വർ.കെ**

# കണ്ണീർ പൂവ്

ഒരു നാൾ എന്റെ അച്ഛൻ ആരോരും ഇല്ലാത്ത ഒരു കുട്ടിയെ കൊണ്ടുവന്നു. 'വേണു' എന്നായിരുന്നു അവന്റെ പേര്. അച്ഛൻ പറഞ്ഞു 'ആരോരും ഇല്ലാത്ത കുട്ടിയാണ്, നീ അവനെ ഒരു അനുജനെ പോലെ കാണണം'. എനിക്ക് താൽപര്യം അധികം ഇല്ലാത്തതിനാൽ അച്ഛന് ഒരു മൂളൽ മാത്രം സമർപ്പിച്ചു. ദിവസം കൂടും തോറും എനിക്ക് അവനോടുള്ള അടുപ്പം കൂടിക്കൂടി വന്നു. ഞങ്ങൾ ഒരു ചേട്ടനനുജൻമാരായി കഴിഞ്ഞു. അച്ഛന് എന്നിലേറെ വിശ്വാസം വേണുവിനെയാണ്. അച്ഛന്റെ എല്ലാ ഇടപാടിലും ഈ ആരോരും ഇല്ലാത്ത വേണു സഹായിക്കും.

കുറേ വർഷങ്ങൾക്ക് ശേഷം..., ഞാനും വേണുവും അകത്ത് ഇരിക്കുമ്പോൾ അതാ കേൾക്കുന്നു ഒരു ബെല്ലടിക്കുന്ന ശബ്ദം, അച്ഛൻ പോയി വാതിൽ തുറന്നു നോക്കി. അച്ഛൻ ഇവിടെ ഒന്നും കാണാത്ത ഒരു മനുഷ്യൻ. അച്ഛൻ ചോദിച്ചു 'ആരാ എന്തു വേണം'. അപ്പോൾ അയാൾ ഒരു പഴക്കമുള്ള ഒരു ഫോട്ടോ കാണിച്ച് എന്നിട്ട് പറഞ്ഞു'നിങ്ങൾ ഇവനെ കണ്ടിട്ടുണ്ടോ'. അച്ഛൻ ഒരു നിമിഷം ആലോചിച്ചു. അപ്പോഴാണ് അച്ഛന് മനസ്സിലായത് ഈ ഫോട്ടോയിലുള്ളത് എന്റെ മോൻ വേണുവാണ് എന്ന്. അപ്പോഴേക്കും അതാ വരുന്നു വേണു.

പുറത്തു നിൽക്കുന്ന വേണുവിന്റെ ശരിക്കുമുള്ള അച്ഛന് വേണുവിനെ മനസ്സിലായി. അപ്പോൾ അയാൾ മോനേ വേണു എന്നു വിളിച്ച് അടുത്തേക്കോടി ചെന്നു. വേണു അൽപം പ്രയാസപ്പെട്ടെങ്കിലും വേണു അടുത്തേക്ക് ചെന്നു. തന്റെ പ്രിയപ്പെട്ട മകനെ കിട്ടിയ സന്തോഷത്തിൽ അച്ഛൻ അവനെ ഉമ്മവെച്ചും തലോടിയും സമയം വൈകിപ്പിച്ചു. അവന്റെ അച്ഛൻ ചോദിച്ചു 'എന്നാൽ നമുക്ക് നമ്മുടെ വീട്ടീക്ക് പോക്വാ...നിന്നെ അമ്മ കാത്തിരിക്കാ'. വിഷമത്തോടെ ആണെങ്കിലും തന്റെ ചേട്ടനെയും, തന്നെ സ്വന്തം മകനെപ്പോലെ കണ്ട് വളർത്തിയ അച്ഛനോടും അമ്മയോടും നന്ദിപറഞ്ഞു. ഏട്ടന്റെ വേണുവിനെ അവൻ നിറകണ്ണുകളോടെ ഇനിവരും എന്ന പ്രതീക്ഷയോടെ അവൻ വേണുവിനെ നോക്കി....

അക്ഷയ്.കെ

# അമ്മതൻ ഉണ്ണി



അമ്മതൻ സ്മരണയിൽ ഉണ്ണിയാണെല്ലാം;
കുട്ടിയായുണ്ണിക്ക് ചോറുരുളകൾ വാരികൊടുത്തും
തൻ മടിയിലിരുത്തി ലാളിച്ചുംഅമ്മതൻ സ്നേഹം
പകർന്നു.എന്നിട്ടും ഉണ്ണി,എന്തേ ഇങ്ങനെ ചെയ്തു.

കൺമുന്നിൽ നിന്നും മറയാതെ ഉണ്ണിയെ
ലാളിച്ചു കൊണ്ടു നടക്കും
പകൽ നിന്നും അകന്നു എന്തിനുനീ –
എന്നിട്ടും ഉണ്ണീ,എന്തേ ഇങ്ങനെ ചെയ്തു.

കണ്ണുചിമ്മാതെ ഉണ്ണിയെ താലോലിക്കും അമ്മതൻ,

സ്നേഹം കാണാതെ പോയതെന്തേ നീ ഉണ്ണി
ഉണ്ണിയെ കാണാതെ വിലപിക്കും അമ്മതൻ
സ്നേഹം കാണാതെ പോയതെന്തേ നീ.

വാർദ്ധക്യം വന്നു വിളിയും മുമ്പേ
എന്തിനു നീ അമ്മയെ തനിച്ചാക്കി
കരുണ വിനയ പൂർവ്വയാം അമ്മതൻ
സ്നേഹം കണ്ടില്ലെന്നു നടിക്കയാം നീ

നിൻ ഭാവിതൻ സൗഭാഗ്യം സ്നേഹമായ്
പൊലിയും നീ നിൻസ്നേഹം പങ്കിടണം
നിൻ അമ്മയുമായി ഉണ്ണി നീ;
ഇനിയെങ്കിലും നിൻ കടമ നിറവേറ്റു ഉണ്ണി.

സ്നേഹമാണുണ്ണീ നീ നിൻ അമ്മതൻ കൈവശം
കാണണം നീ ആ നല്ല മനസ്സുകൾ
അമ്മതൻ സ്മരണയിൽ ഉണ്ണിയാണെല്ലാം,
എന്നിട്ടും ഉണ്ണി,എന്തേ ഇങ്ങനെ ചെയ്തു.


# അമ്മേ ഞാൻ സ്മരിക്കുന്നു

അമ്മേ ഞാൻ സ്മരിക്കുന്നു എൻ ഓർമകളിൽ!
എൻ കുട്ടിക്കാലവും എന്നേ നോക്കിയതും?
നിൻ വയറ്റിൽ എന്നേ പത്തുമാസം ഏറ്റിയതും
നിൻ വയറ്റിൽ ഞാൻ ചവിട്ടിയിട്ടും വേദന –
സഹിച്ചുകിടന്നതും,പക്ഷെ എന്തു പറഞ്ഞാലും –
നിന്നുടെ മകനല്ലെ ഞാൻ

ഞാൻ സ്മരിക്കുന്നു,ഞാൻ സ്മരിക്കുന്നു –
നിന്നുടെ വയറ്റിൽ പിറന്നതു കൊണ്ടും –
നിന്നുടെ മാറിൽ കിടന്നു ചൂടുകിട്ടി –
വളർന്നതും ഞാൻ സ്മരിക്കുന്നു.

നിന്നിൽ കിട്ടുന്ന അടിയിൽ
എന്നുടെ ദേഹത്ത് മുറിവേൽപ്പിച്ചു –
എന്നാൽ നീ എന്നെ സ്നേഹിച്ചതും
ഞാൻ സ്മരിക്കുന്നു. നീ എന്നെ പോറ്റി
വളർത്തി സ്നേഹിച്ചതും
ഞാൻ അമ്മയെ സ്മരിക്കുന്നു
ഞാൻ സ്മരിക്കുന്നു...

ആകാശ്.കെ



**ജിജിൻ.എസ്**




**ജിജിൻ.എസ്**





**ജിജിൻ.എസ്**




മുഹമ്മദ് അൽഫാസ്.കെ.എം




മുഹമ്മദ് അൽഫാസ്.കെ.എം



**മുഹമ്മദ് അൽഫാസ് .കെ.എം**



**ജിജിൻ.എസ്**



മുഹമ്മദ് അൽഫാസ് .കെ.എം

# മോട്ടോർ മെക്കാനിക്






# കാർപ്പെന്ററി



# ഇലക്ട്രിക്കൽ



# ടേണിംങ്





# വെൽഡിങ്






# ഫിറ്റിങ്





# ഇലക്ട്രോണിക്സ്





# ഷീറ്റ് മെറ്റൽ





# സ്മിത്തി




little
KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ
ഇന്ത്യയിലെ കുട്ടികളുടെ
ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മ
www.kite.kerala.gov.in

# ഒരുമ തന്നെ പെരുമ

പണ്ടുപണ്ട് കരുമാടൻ കാട്ടിൽ കിട്ടു എന്നും, കുട്ടു എന്നും പേരുള്ള രണ്ട് എലികൾ താമസിച്ചിരുന്നു. കിട്ടു ഒരു പാവം കുട്ടനും, കുട്ടു ഒരു വികൃതികുട്ടനുമായിരുന്നു. കിട്ടുവായിരുന്നു ആ വീട്ടിലെ പണികളെല്ലാം ചെയ്തിരുന്നതും, ഭക്ഷണം കണ്ടെത്തിയിരുന്നതും. കുട്ടു ഒരു തീറ്റ കൊതിയൻ മാത്രമായിരുന്നു. കിട്ടു എന്നും അധ്വാനിച്ചു കൊണ്ടുവരുന്ന ഭക്ഷണമായിരുന്നു കുട്ടു കഴിച്ചിരുന്നത്. കിട്ടുവിന് കിട്ടുന്ന ഭക്ഷണം വളരെ കുറച്ചുമാത്രമായിരുന്നു. അങ്ങനെ ഒരു ദിവസം കിട്ടു കുന്നിൻ മുകളിലേക്ക് തീറ്റ തേടി പോയപ്പോൾ ഒരു കാഴ്ച കണ്ടു. പഴുത്തു തുടുത്തു നിൽക്കുന്ന ഒരു മത്തനതാ തന്റെ മുന്നിൽ. അതു കണ്ടപ്പോൾ കിട്ടുവിന്റെ വായിൽ വെള്ളമൂറി. കിട്ടു അതിന്റെ അടുത്തേക്ക് ഓടിച്ചെന്നു. എന്നിട്ട് ആ മത്തൻ പറിച്ചെടുക്കാൻ ശ്രമിച്ചു. പക്ഷെ, അവന് അതിന് സാധിച്ചില്ല. അവൻ കുട്ടുവിന്റെ അടുത്തേക്ക് ഓടി. കുട്ടൂ...കുട്ടൂ.... കിട്ടു അവനെ വിളിച്ചു. കിട്ടു നടന്നതെല്ലാം കുട്ടുവിനോട് പറഞ്ഞു. കുട്ടു ഇത് കേട്ട ഭാവം തന്നെ നടിച്ചില്ല. കിട്ടുവിന് ആകെ സങ്കടമായി. അവൻ വിഷമിച്ചു കൊണ്ട് വീണ്ടും മലമുകളിലേക്ക് ഓടിച്ചെന്നു. അപ്പോഴാണ് ആ വഴി ഒരു കഴുകൻ പറന്നിറങ്ങിയത്. കഴുകൻ കിട്ടുവിനോട് ചോദിച്ചു:' കിട്ടൂ... എന്താണിവിടെ നീ ഒറ്റക്ക് ചെയ്യുന്നത്. നിനക്ക് കുട്ടുവിനേയും കൊണ്ട് വരാമായിരുന്നില്ലേ?.

അപ്പോൾ കിട്ടു പറഞ്ഞു:'എന്റെ കഴുകൻ ചേട്ടാ, ഞാൻ അവനെ വിളിച്ചതാ, അവൻ വന്നില്ല. ഞാനെന്ത് ചെയ്യാനാ?.' എന്നു പറഞ്ഞു കൊണ്ട് കിട്ടു തന്റെ ശ്രമം തുടങ്ങി. ഇതേ സമയം കുട്ടു വീട്ടിൽ വിശന്നു കരയുകയായിരുന്നു. അപ്പോഴാണ് കഴുകൻ ആ വഴി വന്നത്. കഴുകൻ ചോദിച്ചു:'എന്തിനാണ് നീ കരയുന്നത്?'. അവൻ മറുപടി പറഞ്ഞു:' എന്റെ പൊന്നു ചേട്ടാ വിശന്നിട്ടു കണ്ണുകാണാൻ വയ്യ'. അപ്പോൾ കഴുകൻ പറഞ്ഞു:'നീ ഇവിടെ മടിച്ചു നിന്നിട്ടല്ലേ, അവൻ, കിട്ടു അവിടെ വലിയ ഒരു മത്തൻ പറിക്കുന്നുണ്ട്. അവൻ എല്ലാം എന്നോട് പറഞ്ഞു. നീ ഒരു കേട്ട ഭാവം വെക്കാതെ അവിടെ ഇരുന്നില്ലേ. നിനക്ക് വേണമെങ്കിൽ വേഗം പോയി അവനോട് മാപ്പ് പറഞ്ഞ് അവനെ സഹായിച്ചാൽ നിനക്ക് നിന്റെ വിശപ്പ് മാറ്റാം'.അവൻ കേട്ട ഭാവം ഒറ്റ ഓട്ടം. എന്നിട്ട് അവനെ പോയി സഹായിച്ച് മാപ്പ് പറഞ്ഞ് വീട്ടിലേക്ക് ഒരുമിച്ച് മത്തൻ കൊണ്ടുപോയി. അങ്ങനെ കുട്ടു മനസ്സിലാക്കി 'ഒരുമ തന്നെ പെരുമ'

ഷിജാസ്–വി.എം

# അറിവിന്റെ ജാലകം

1. ഇന്ത്യയിലെ പരമോന്നത ബഹുമതി "ഭാരത രത്ന' ലഭിച്ച കായിക താരം ?
2. ശ്രേഷ്ഠഭാഷ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷ ?
3. വിറ്റാമിൻ D യുടെ കുറവുകൊണ്ടുണ്ടാകുന്ന രോഗമേത് ?
4. ഏറ്റവും വലിയ ഗ്രഹം ?
5. ആഗാഖാൻ കപ്പ് ഏത് കളിയുമായി ബന്ധപ്പെട്ടിരി- ക്കുന്നു ?
6. കുണ്ടറ വിളമ്പരം നടന്ന വർഷം ?
7. ചരിത്രം നോവലായ മാർത്താണ്ഡവർമ്മ രചിച്ചത് ?
8. ഗർഭശ്രീമാൻ എന്നറിയപ്പെടുന്ന തിരുവിതാംകൂർ രാജാവ് ?
9. ജാർഖണ്ഡിന്റെ തലസ്ഥാനം ?
10. ആജന്തഗുഹകൾ സ്ഥിതിചെയ്യുന്നത് ?

# ഉത്തരം

1. സച്ചിൻ തെണ്ടുൽക്കർ
2. മലയാളം
3. കണ
4. വ്യാഴം
5. ഹോക്കി
6. 1809 ജനുവരി 11
7. സി.വി രാമൻപിള്ള
8. സ്വാതിതിരുനാൾ
9. റാഞ്ചി
10. മഹാരാഷ്ട്ര

ജിനനാഥ്-കെ

# മഹത്വചനങ്ങൾ

1. മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു എന്നാൽ അവൻ എല്ലായിടത്തും ചങ്ങലകളിലാണ്. – റൂസോ

2. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

   – ശ്രീനാരായണഗുരു

3. വിജയം ആസ്വാദ്യകരമാകണമെങ്കിൽ പ്രയാസങ്ങൾ വശ്യമാണ്

   – എ.പി.ജെ അബ്ദുൽകലാം

4. അഹിംസയും സത്യവും പരസ്പര പൂരകവും പരസ്പര പരോക്ഷവുമാണ്

   – ഗാന്ധിജി

5. പ്രാർത്ഥിച്ചാൽ നമുക്ക് വിശ്വാസമുണ്ടാകും
   വിശ്വാസമുണ്ടായാൽ നമ്മൾ സ്നേഹിക്കാൻ തുടങ്ങും.
   സ്നേഹമുണ്ടായാൽ നമ്മൾ സേവന സന്നദ്ധരാകും.

   – മദർ തെരേസ



മുഹമ്മദ് ആദിൽ–ടി

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# നന്ദി

അറിവിന്റെ പുതിയ മുഖമായ ഡിജിറ്റൽ മാഗസിന്റെ അണിയറ പ്രവർത്തകർക്കും അധ്യാപകർക്കും കൂടെനിന്ന് മാർഗ നിർദ്ദേശം തന്നവർക്കും മാഗസിന്റെ ഓരോ താളുകളും ഹൃദയത്തിലേറ്റിയവർക്കും, ഹൃദയം നിറഞ്ഞ ആയിരം സ്പന്ദന പുഷ്പങ്ങൾ നന്ദിയോടെ ചൊരിയട്ടെ !

# THE END